# ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികൾ

'കാഷായവേഷം ധരിക്കാത്ത, വനവാസത്തിനു പോകാത്ത മഹർഷിവര്യൻ. സമസ്തജീവജാലങ്ങളെയും ഒരു പോലെ സ്നേഹിച്ച ഒരു പ്രപഞ്ചബന്ധു. സമുദായബന്ധങ്ങൾക്ക് മാർഗ്ഗദർശനം നൽകിയ മഹാചിന്തകൻ, ദീർഘമായ ഗുരുമുഖാഭ്യാസം കൂടാതെ പരിണതപ്രജ്ഞനായിത്തീർന്ന ഒരു മഹാപണ്ഡിതൻ, അനാചാരങ്ങളിൽ ആസക്തമായിരുന്ന ആ കാലത്ത് സ്വന്തം ജീവിതചര്യ കൊണ്ട് ഭിന്നസമുദായങ്ങൾ തമ്മിൽ സൗഹാർദ്ദബന്ധം സ്ഥാപിക്കുവാൻ പ്രചോദനം നൽകിയ ഒരു സാമൂഹ്യപരിഷ്കർത്താവ്, അവഹേളിക്കാൻ സമീപിക്കുന്നവരെയും ബഹുമാനപരതന്ത്രരാക്കാൻ കഴിഞ്ഞിരുന്ന ബുദ്ധിസമ്പന്നൻ....' അങ്ങനെ എത്രയെത്ര വിശേഷണങ്ങൾക്ക് അനുയോജ്യനാണ് ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ. 'ശ്രീശങ്കരാചാര്യസ്വാമികൾക്കു ശേഷം കേരളം കണ്ട ഏറ്റവും ഉന്നതനായ യതിവര്യൻ' എന്നാണ് പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത്.

കൊല്ലവർഷം 1029-ാംമാണ്ട് ചിങ്ങമാസത്തിലെ ഭരണി നക്ഷത്രത്തിൽ തിരുവനന്തപുരത്ത് കൊല്ലൂർ എന്ന സ്ഥലത്ത് ഉള്ളൂർകോട് തറവാട്ടിൽ ചട്ടമ്പിസ്വാമികൾ ഭൂജാതനായി. ദാരിദ്ര്യപീഡിതമായ ഒരു കുടുംബത്തിൽ ജനിച്ച സ്വാമികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ലായിരുന്നു. എന്നാൽ പൂർവ്വസുകൃതം കൊണ്ടും നിരന്തരമായ പരിശ്രമം കൊണ്ടും ഈശ്വരാനുഗ്രഹം കൊണ്ടും, ഇരുപത്തിയഞ്ച് വയസ്സായപ്പോഴേക്കും തമിഴ്, മലയാളം, സംസ്കൃതം തുടങ്ങിയ ഭാഷകളിലും, മിക്കവാറും എല്ലാ കലകളിലും, യോഗവേദാന്തദർശനങ്ങളിലും അപാരമായ പാണ്ഡിത്യവും പരിചയസമ്പത്തും അദ്ദേഹം കൈവരിച്ചു. അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ പേര് അയ്യപ്പൻ എന്നായിരുന്നു. പേട്ടയിൽ രാമൻപിള്ള ആശാന്റെ കളരിയിൽ പഠിച്ചിരുന്ന കാലത്ത് 'മോനിട്ടർ' എന്ന അർത്ഥത്തിൽ 'ചട്ടമ്പി' എന്ന സ്ഥാനം അദ്ദേഹത്തിന് ലഭിച്ചു. കൂടാതെ ബാല്യം മുതൽ കുഞ്ഞൻ എന്ന ഓമനപ്പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് സർവ്വശാസ്ത്രപാരംഗതനായ ആചാര്യൻ എന്ന അർത്ഥത്തിൽ പരമഭട്ടാര ശ്രീവിദ്യാധിരാജ തീർത്ഥപാദസ്വാമികൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

അദ്ദേഹം ആദിമഭാഷ, ജീവകാരുണ്യനിരൂപണം തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു. സ്വാമികൾ ഒരു ഗവേഷകനും ഗ്രന്ഥകർത്താവും ആയിരുന്നു. വേദാധികാരനിരൂപണം, അദ്വൈതചിന്താപദ്ധതി, മോക്ഷപ്രദീപഖണ്ഡനം, ജീവകാരുണ്യനിരൂപണം, ക്രിസ്തുമതഛേദനം തുടങ്ങി ഒട്ടനവധി ഗ്രന്ഥങ്ങൾ തമിഴിലും മലയാളത്തിലുമായി അദ്ദേഹം രചിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികൾക്ക് വശപ്പെട്ടിട്ടില്ലാത്ത കലകളോ വിദ്യകളോ ഇല്ല. ശാസ്ത്രീയസംഗീതത്തിൽ അഗാധമായ അറിവും ആവിഷ്ക്കാരമികവും നേടിയിരുന്നു. സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിലും അദ്വിതീയൻതന്നെ. സാഹിത്യത്തിലും ചിത്രരചനയിലും അസാധാരണമായ വൈഭവം ഉണ്ടായിരുന്നു. ജ്യോതിഷം, മർമ്മശാസ്ത്രം, വിഷവൈദ്യം, ആയുർവ്വേദം എന്നീ വിവിധ ശാഖകളിലും അദ്വിതീയനായിരുന്നു.

ഇന്ത്യയൊട്ടാകെ സഞ്ചരിച്ച സ്വാമി വിവേകാനന്ദൻ അമേരിക്കയിലെ സർവ്വമതസമ്മേളനത്തിൽ പങ്കെടുക്കാൻ പോകുന്നതിനു മുമ്പായി കേരളത്തിലും എത്തി. കേരളം ഭ്രാന്താലയമാണ് എന്നു തോന്നിയ അദ്ദേഹത്തിന് ആശ്വാസം നൽകിയ രണ്ട് സംഭവങ്ങളുണ്ടായി. ഒന്ന്, കൊടുങ്ങല്ലൂരിൽ സ്ത്രീകൾ സംസ്കൃതം സംസാരിച്ചത് അദ്ദേഹത്തെ സന്തുഷ്ടനാക്കി. രണ്ടാമത്തെ സംഭവം ചട്ടമ്പിസ്വാമിയെ കണ്ടതാണ്. ആ കൂടിക്കാഴ്ച രണ്ടുപേരുടേയും ജീവിതത്തിലെ അവിസ്മരണീയമായ സംഭവമായിരുന്നു. തന്റെ സഞ്ചാരത്തിനിടയിൽ പല സന്യാസിമാരോടും ചോദിച്ച ഒരു സംശയം വിവേകാനന്ദൻ, സ്വാമിയോടും ആവർത്തിച്ചു. അത് ചിന്മുദ്രയെപ്പറ്റിയായിരുന്നു. ചട്ടമ്പിസ്വാമി മുദ്ര കാണിച്ചു കൊടുക്കുകയും, മുദ്രയുടെ ഗുണത്തെപ്പറ്റി വിസ്തരിച്ച് പറഞ്ഞു കൊടുക്കുകയും ചെയ്തു.

ചട്ടമ്പിസ്വാമികൾ പന്മനയിലെ പത്മനാഭപിള്ള സ്മാരക വായനശാലയിൽവെച്ച് 1099 മേടം 23-ാംതീയതി സമാധിയായി. അദ്ദേഹത്തിന്റെ ഭൗതികശരീരം സ്വന്തം ആഗ്രഹപ്രകാരം പന്മനക്കാവിൽ യഥാവിധി സംസ്ക്കരിക്കപ്പെട്ടു. അദ്ദേഹത്തെ സമാധിയിരുത്തിയ പുണ്യസ്ഥലത്താണ് ഇന്ന് സുപ്രസിദ്ധമായിത്തീർന്ന പന്മന ബാലഭട്ടാരകേശ്വര ക്ഷേത്രവും ആശ്രമവും സ്ഥിതി ചെയ്യുന്നത്. സമാധിയായ ശേഷം കൊല്ലവർഷം 1106 മീനമാസം 3-ാം തീയതി സമാധിത്തറയ്ക്കുമുകളിൽ ഒരു ശിവലിംഗപ്രതിഷ്ഠ നടത്തി. പ്രതിഷ്ഠയോടനുബന്ധിച്ച് ഒരു ക്ഷേത്രവും പണികഴിപ്പിച്ചു. അതാണ് ഇന്നു കാണുന്ന സമാധിക്ഷേത്രം അഥവാ ശ്രീബാലഭട്ടാരകേശ്വരക്ഷേത്രം.